പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:669 29.06.2011- ലെ മറുപടി

**നെടുമങ്ങാട് കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നു കൂടുതൽ ഷെഡ്യൂളുകൾ ആരംഭിക്കാൻ നടപടി**

ചോദ്യം ഉത്തരം

ശ്രീ.പാലോട് രവി

ശ്രീ.വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | നെടുമങ്ങാട് താലൂക്ക് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നും ഏറ്റവും കൂടുതൽ ഷെഡ്യൂളുകൾ നടത്തിയിരുന്നത് ഏത് വർഷത്തിലാണെന്നും എത്ര ഷെഡ്യൂളുകൾ ആണെന്നും വ്യക്തമാക്കാമോ; | (എ) | 1999-ലാണ് നെടുമങ്ങാട് യൂണിറ്റിൽ നിന്നും ഏറ്റവും കൂടുതൽ ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിട്ടുള്ളത്. 82 ഷെഡ്യൂളുകൾ. |
| (ബി) | പ്രസ്തുത ഡിപ്പോയിൽ നിന്നും ഇപ്പോൾ എത്ര ഷെഡ്യൂളുകൾ പ്രതിദിനം ഓപ്പറേറ്റ് ചെയ്യുന്നുവെന്ന് അറിയിക്കുമോ; | (ബി) | നെടുമങ്ങാട് യൂണിറ്റിൽ 65 ഷെഡ്യൂളുകൾ നിലവിലുണ്ട്. ഏകദേശം 55 ഓളം ഷെഡ്യൂളുകൾ മാത്രമേ നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നുള്ളൂ. ജീവനക്കാരുടെയും ബസ്സിന്റെയും കുറവുമൂലമാണ് സർവ്വീസ് പൂർണ്ണമായും ഓപ്പറേറ്റ് ചെയ്യാൻ സാധിക്കാതെ വരുന്നത്. |
| (സി) | പ്രസ്തുത ഡിപ്പോയിൽ എത്ര ഡ്രൈവർമാരുടെ കുറവുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | നെടുമങ്ങാട് ഡിപ്പോയിൽ 35 ഡ്രൈവർമാരുടെ കുറവുണ്ട്. |
| (ഡി) | അറ്റകുറ്റപ്പണികൾക്കായി എത്ര വണ്ടികളാണ് ഗ്യാരേജിൽ ഉള്ളതെന്ന് അറിയിക്കുമോ; | (ഡി) | അറ്റകുറ്റപണികൾക്കായി 14 ബസ്സുകൾ ഗ്യാരേജിലുണ്ട്. |
| (ഇ) | ആവശ്യമായ സ്പെയർ പാർട്ട്സ് ഇല്ലാത്തതുകൊണ്ട് എത്ര വണ്ടികൾ സർവ്വീസ് നടത്തുന്നില്ല എന്ന് വ്യക്തമാക്കാമോ; | (ഇ) | നാല് (4) ബസ്സുകൾ സ്പെയർ പാർട്സിന്റെ കുറവ് കാരണം ഡോക്കിലുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ യാത്രാക്ലേശം പരിഹരിക്കുവാൻ ഈ ഡിപ്പോയിൽ കുറഞ്ഞത് 15 ബസുകൾ കൂടി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | നെടുമങ്ങാട് യൂണിറ്റിൽ 62 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ബസ്സുകൾ ഉൾപ്പെടെ 68 ബസ്സുകൾ നിലവിലുണ്ട്. പഴയ ബസ്സുകൾ സ്ക്രാപ്പ് ചെയ്ത് പുതിയ വാഹനങ്ങൾ നിരത്തിലിറക്കുന്ന മുറയ്ക്ക് പുതിയ ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ജി) | പ്രസ്തുത ഡിപ്പോയിൽ നിർമ്മാണമാരംഭിക്കാൻ പോകുന്ന ഷോപ്പിംഗ് കോംപ്ലക്സ്-കം-ഓഫീസ് മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഗവൺമെന്റിന്റെ നൂറ് ദിവസത്തെ കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | (ജി) | ഷോപ്പിംഗ് കോംപ്ലക്സ്-കം-ഓഫീസ് മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ സാങ്കേതിക നടപടികൾ പൂർത്തീകരിക്കാത്തതിനാൽ സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. |
| (എച്ച്) | ഷോപ്പിംഗ് കോംപ്ലക്സ് പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ? | (എച്ച്) | ഉദ്ദേശം 6.25 കോടി രൂപ. **(rough estimate)** |
| (ഐ) | താലൂക്ക് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ഡിപ്പോ സന്ദർശിച്ച് അതിന്റെ ശോച്യാവസ്ഥ നേരിൽ കണ്ട് മനസ്സിലാക്കുന്നതിന് മന്ത്രി നടപടി സ്വീകരിക്കുമോ? | (ഐ) | ഇക്കാര്യം പരിഗണിക്കുന്നതാണ്. |

Ani C Dominic

സെക്ഷൻ ഓഫീസർ